"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 26-08-2021

## സർക്കുലർ നം 54

വിവിധ അവധികളിൽ ജയിലിന് പുറത്ത് നിൽക്കുന്ന തടവുകാർക്ക് അവധി കഴിഞ്ഞ് തിരികെ ജയിലിൽ പ്രവേശിക്കേണ്ട തീയതിയെ സംബന്ധിച്ചുള്ള അറിവില്ലായ്മകൊണ്ടോ ജയിലുകളിൽ നിന്നും വ്യക്തമായ വിവരം ലഭ്യമാകാത്തതിനാലൊ കൃത്യമായി തിരികെ ജയിലിൽ പ്രവേശിക്കാൻ കഴിയുന്നില്ലെന്നുള്ള നിരവധി പരാതികൾ ഉയർന്ന് വന്ന സാഹചര്യത്തിൽ അവധിയിൽ പുറത്ത് നിൽക്കുന്ന തടവുകാരുടെ പുന:പ്രവേശനം ഉറപ്പ് വരുത്തുന്നതിനായി സ്ഥാപന മേധാവികൾ ചുവടെ ചേർക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

തടവുകാരെ അവധിയിൽ വിട്ടുതൽ ചെയ്യുമ്പോൾ തന്നെ അവരുമായി ആശയ വിനിമയം നടത്തുന്നതിനായി ടിയാന്മാരുടെയൊ ബന്ധുക്കളുടെയൊ ഫോൺ നമ്പർ ശേഖരിക്കേണ്ടതും തിരികെ ജയിലിൽ പ്രവേശിക്കേണ്ട തീയതിയെ സംബന്ധിച്ചുള്ള വിവരം രണ്ട് ദിവസങ്ങൾക്ക് മുൻപായി ഫോൺ മെസേജ് / വാട്ട്സാപ്പ് സന്ദേശം വഴി അറിയിക്കേണ്ടതുമാണ്. ടി വിവരം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ടി റജിസ്റ്റർ ജയിൽ ഉന്നത ഉദ്യോഗസ്ഥരുടെ പരിശോധനയുടെ സമയത്ത് ഹാജരാക്കേണ്ടതുമാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: സൂപ്രണ്ട്,
സെൻട്രൽ ജയിൽ തിരുവനന്തപുരം/കണ്ണൂർ/വിയ്യൂർ/തവനൂർ
അതീവ സുരക്ഷാ ജയിൽ വിയ്യൂർ
വനിതാ ജയിൽ തിരുവനന്തപുരം/കണ്ണൂർ/വിയ്യൂർ
തുറന്ന ജയിൽ നെട്ടുകാൽത്തേരി/ചീമേനി
വനിതാ തുറന്ന ജയിൽ തിരുവനന്തപുരം

പകർപ്പ് : ഡി.ഐ.ജി,
ദക്ഷിണമേഖല/മദ്ധ്യമേഖല/ഉത്തരമേഖല